<u>**15 -ാം കേരള നിയമസഭ**</u>

<u>**5 -ാം സമ്മേളനം**</u>

<u>**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2732**</u> <u>**12-07-2022 - ൽ മറുപടിയ്ക്ക്**</u>

<u>**കോട്ടക്കൽ മണ്ഡലത്തിലെ അംബേദ്കർ ഗ്രാമ വികസന പദ്ധതി**</u>

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **പ്രൊഫ . ആബിദ് ഹുസൈൻ തങ്ങൾ** | | **ശ്രീ. കെ. രാധാകൃഷ്ണൻ<br>(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി)** | |
| (എ) | കോട്ടക്കൽ മണ്ഡലത്തിൽ നിന്നും അംബേദ്കർ ഗ്രാമ വികസന പദ്ധതിയിൽ തെരഞ്ഞെടുത്ത തെക്കേക്കര കോളനി, കൊട്ടുമുടി-പോക്കാട്ടുകുഴി കോളനി, പൊറ്റക്കളംപടി കോളനി എന്നിവയുടെ നവീകരണ പ്രവൃത്തികളുടെ പുരോഗതിയും നിലവിലെ അവസ്ഥയും വിശദമാക്കുമോ; | (എ) | പ്രസ്തുത മണ്ഡലത്തിൽ നിന്നും അംബേദ്ക്കർഗ്രാമ വികസന പദ്ധതിയിൽ ഉൾപ്പെട്ട കോളനികളിലെ പ്രവൃത്തികളുടെ പുരോഗതി, നിലവിലെ അവസ്ഥ എന്നിവ ചുവടെ ചേർക്കുന്നു.<br><br>**തെക്കേക്കര പട്ടികജാതി കോളനി (2016-17) -** ഇന്റേണൽ റോഡ്, ഫുട്പാത്ത്, വീട് റിപ്പയർ, സംരക്ഷണ ഭിത്തി, വൈദ്യുതീകരണം എന്നീ പ്രവൃത്തികൾ പൂർത്തിയായിട്ടുണ്ട്. കുടിവെള്ള പദ്ധതി 80% ശതമാനം പൂർത്തീകരിച്ചിട്ടുണ്ട്. 2022 ജൂലൈ 31-നകം പദ്ധതി പൂർത്തീകരിക്കുന്നതിന് കർശ്ശന നിർദ്ദേശം നൽകിയിട്ടുണ്ട്.<br><br>**പൊറ്റേക്കളം പടി പട്ടികജാതി കോളനി (2016-17)-** കോളനി കവാടം, റോഡ് നിർമ്മാണം, പാർശ്വഭിത്തി നിർമ്മാണം, കുടിവെള്ള പദ്ധതി, വീട് റിപ്പയർ, ഡ്രൈനേജ് എന്നിങ്ങനെ എസ്റ്റിമേറ്റ് പ്രകാരമുള്ള പ്രവൃത്തികളെല്ലാം പൂർത്തിയായിട്ടുണ്ട്.<br><br>**പൊക്കാട്ടുകുഴി പട്ടികജാതി കോളനി (2019-20) –** എസ്റ്റിമേറ്റ് പ്രകാരമുള്ള 5 റോഡുകളും പൂർത്തീകരിച്ചു. കുടിവെള്ള പദ്ധതി പൂർത്തീകരിച്ചിട്ടില്ല. 2022 ആഗസ്റ്റ് 31 നകം പൂർത്തീകരിക്കുന്നതിന് കർശന നിർദ്ദേശം നൽകിയിട്ടുണ്ട് |
| (ബി) | ആയതിൽ ഏതെല്ലാം പ്രവൃത്തികൾ പൂർത്തിയായിട്ടുണ്ടെന്നും ഇനി പൂർത്തീകരിക്കാനുള്ള പ്രവൃത്തികൾ എന്നത്തേക്ക് പൂർത്തിയാക്കാൻ കഴിയുമെന്നും വിശദമാക്കുമോ? | (ബി) | പ്രസ്തുത മണ്ഡലത്തിൽ നിന്നും അംബേദ്ക്കർഗ്രാമ വികസന പദ്ധതിയിൽ ഉൾപ്പെട്ട കോളനികളിലെ പ്രവൃത്തികളുടെ പുരോഗതി, നിലവിലെ അവസ്ഥ എന്നിവ ചുവടെ ചേർക്കുന്നു.<br><br>**തെക്കേക്കര പട്ടികജാതി കോളനി (2016-17) -** ഇന്റേണൽ റോഡ്, ഫുട്പാത്ത്, വീട് റിപ്പയർ, സംരക്ഷണ ഭിത്തി, വൈദ്യുതീകരണം എന്നീ പ്രവൃത്തികൾ പൂർത്തിയായിട്ടുണ്ട്. കുടിവെള്ള പദ്ധതി |

| | | | |
|---|---|---|---|
| | | | 80% ശതമാനം പൂർത്തീകരിച്ചിട്ടുണ്ട്. 2022 ജൂലൈ 31-നകം പദ്ധതി പൂർത്തീകരിക്കുന്നതിന് കർശ്ശന നിർദ്ദേശം നൽകിയിട്ടുണ്ട്.<br><br>**പൊറ്റേക്കളം പടി പട്ടികജാതി കോളനി (2016-17)-** കോളനീ കവാടം, റോഡ് നിർമ്മാണം, പാർശ്വഭിത്തി നിർമ്മാണം, കുടിവെള്ള പദ്ധതി, വീട് റിപ്പയർ, ഡ്രൈനേജ് എന്നിങ്ങനെ എസ്റ്റിമേറ്റ് പ്രകാരമുള്ള പ്രവൃത്തികളെല്ലാം പൂർത്തിയായിട്ടുണ്ട്.<br><br>**പൊക്കാട്ടുകുഴി പട്ടികജാതി കോളനി (2019-20)** – എസ്റ്റിമേറ്റ് പ്രകാരമുള്ള 5 റോഡുകളും പൂർത്തീകരിച്ചു. കുടിവെള്ള പദ്ധതി പൂർത്തീകരിച്ചിട്ടില്ല. 2022 ആഗസ്റ്റ് 31 നകം പൂർത്തീകരിക്കുന്നതിന് കർശന നിർദ്ദേശം നൽകിയിട്ടുണ്ട് |

സെക്ഷൻ ഓഫീസർ